GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/06/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ബ്ലോക്കിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, അതിയന്നൂർ, കരിങ്കുളം, കാഞ്ഞിരംകുളം, കോട്ടുകാൽ, വെങ്ങാനൂർ, വിഴിഞ്ഞം, തിരുവല്ലം എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് നെയ്യാറ്റിൻകര ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7012131408 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കേരളത്തിലെ കന്നുകാലികളെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു വൈറസ് രോഗമാണ് കുളമ്പുരോഗം. ചികിത്സിച്ച് ഭേദമാക്കാനാകാത്ത ഈ രോഗത്തെ ചെറുക്കുന്നതിനുള്ള ഏക മാർഗ്ഗം കാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പാണ്. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് തീവ്രയജ്ഞത്തിന്റെ എട്ടാം ഘട്ടം ജൂൺ 19 മുതൽ പതിനെട്ട് പ്രവർത്തി ദിവസങ്ങളിലായി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുകയാണ്. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി തങ്ങളുടെ ഉരുക്കളെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (19.06.2026) വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് 2 മണിയ്ക്ക് കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ വെച്ച് ആരോഗ്യം, ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരന്റെ അദ്ധ്യക്ഷതയിൽ തൊഴിൽ, മൃഗസംരക്ഷണ ക്ഷീരവികസന വനിതാ ശിശു ക്ഷേമ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവഹിക്കുന്നു. പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം എംപി ശശി തരൂർ, മേയർ വി വി രാജേഷ്, എന്നിവർ പങ്കെടുക്കും. ഈ പരിപാടിയോട് അനുബന്ധിച്ച് വൈകിട്ട് 3 മണിക്ക് ഫീൽഡ് തല ഉദ്യോഗസ്ഥർക്കായി പ്രതിരോധ കുത്തിവെപ്പ്

സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന ഭാരത് പശുധൻ പോർട്ടലിന്റെ പരിശീലന പരിപാടിയും ബോധവൽക്കരണ സെമിനാറും സംഘടിപ്പിക്കും.

3. കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയും കർഷകരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "പൾസസ് മിഷൻ". പയറുവർഗ്ഗ വിളകളുടെ മൂല്യവർധന ഉറപ്പാക്കുകയും, കൊയ്ത്തിന് ശേഷമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രോസസ്സിംഗ്&പാക്കേജിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. പയർ ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), സ്വയംസഹായ സംഘങ്ങൾ (SHG), പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ (PACS), ക്ലസ്റ്റർ ലെവൽ ഫെഡറേഷനുകൾ (CLF), വ്യക്തികൾ, രജിസ്റ്റർ ചെയ്ത സംഘടനകൾ എന്നിവർക്ക് ഈ പദ്ധതിക്ക് അപേക്ഷിക്കാം. ഗ്രൂപ്പ് വിഭാഗത്തിൽ അപേക്ഷിക്കുന്ന FPO, CLF, PACS തുടങ്ങിയ സ്ഥാപനങ്ങൾ കുറഞ്ഞത് രണ്ട് വർഷമായി പ്രവർത്തിച്ച് വരുന്നവരായിരിക്കണം. വ്യക്തിഗത വിഭാഗത്തിൽ

അപേക്ഷിക്കുന്നവർക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം. പദ്ധതിച്ചെലവിന്റെ കുറഞ്ഞത് 15 ശതമാനം സ്വന്തം വിഭവങ്ങളിൽ നിന്ന് കണ്ടെത്താനുള്ള സാമ്പത്തിക ശേഷി ഉള്ളവരും ആയിരിക്കണം. പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങൾ, വനിതകൾ, മലനിര മേഖലകൾ, ആസ്പിരേഷണൽ ജില്ലകൾ, PMDDKY പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്കും ഗ്രൂപ്പുകൾക്കും പ്രത്യേക പരിഗണന ലഭിക്കും. ഒരു യൂണിറ്റിന് പദ്ധതിച്ചെലവിന്റെ 33 ശതമാനം വരെ, പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. പൾസസ് മിഷൻ പദ്ധതിയിൽ ധനസഹായം ലഭിക്കാൻ ബാങ്ക് വായ്പ നിർബന്ധമായും എടുക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

4. തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് കൃഷിഭവനിൽ തെങ്ങിൻ തൈകൾ വിൽപ്പനക്ക് ഒരു തൈക്ക് 50 രൂപ. ആവശ്യമുള്ളവർ കരമടച്ച രസീതുമായി കൃഷി ഭവനിലെത്തി വാങ്ങാവുന്നതാണ് .

5. “ഓണത്തിന് ഒരുക്കാം വിളവിന്റെ വിസ്മയം" എന്ന പരിപാടിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന പത്തനാപുരം, പിറവന്തൂർ, വിളക്കുടി, തലവൂർ, പട്ടാഴി, പട്ടാഴി വടക്ക്, പുനലൂർ എന്നീ കൃഷി ഭവനുകളിലെ കർഷകർക്ക്

അത്യുത്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും, തൈകളും സൗജന്യമായി വിതരണം ചെയ്യുന്നു. താൽപ്പര്യമുള്ള കർഷകർ അതാതു കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ രതീഷ് പി.ആർ  അറിയിച്ചു.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2026 ജൂലൈ 15. 2026 ആഗസ്റ്റ്-15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങള്ക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ വിളിക്കാവുന്നതാണ്.